പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 104. | 04/12/2014 -ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിലെ ഫീസ് വർദ്ധന

**ചോദ്യം**

ശ്രീ. എളമരം കരീം
" . വി.റ്റി.എ. റഹീം
" എസ്. ശർമ്മ
" കെ. രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) രജിസ്ട്രേഷൻ വകുപ്പിൽ ഏതെല്ലാം സേവനങ്ങൾക്കാണ് ഫീസ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | എ) 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൻകീഴിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് നിലവിൽ 25 രൂപയെന്നത് 38 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, 2005-ലെ വിവരാവകാശ നിയമത്തിലെ 4(2) വകുപ്പ്പ്രകാരം ഫ്ളോപ്പി, സിഡി, മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് നിലവിൽ 50 രൂപയെന്നത് 75/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഏതെല്ലാം ഫീസുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; വർദ്ധന എത്ര ശതമാനമാണ് ; | ബി) 8/10/2014-ലെ ജി.ഒ.(പി) 172/2014/ റ്റിഡി. നമ്പർ വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് പരമാവധി 25,000/- രൂപ എന്നത് ഒഴിവാക്കി വിലയുടെ 1% ആയി ഭേദഗതി വരുത്തിയിട്ടുണ്ട്. |
| സി) ഭൂമിയുടെ ന്യായവില വർദ്ധനവ് എത്ര ശതമാനമാണ് ; ന്യായവിലയും മറ്റു ഫീസുകളും വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ ; | സി) ഭൂമിയുടെ ന്യായവില 50% വർദ്ധിപ്പിച്ചിട്ടുണ്ട്. 6/3/2010-ൽ ആണ് നിലവിലുള്ള ന്യായവില പ്രസിദ്ധീകരിച്ചിട്ടുള്ളത് എങ്കിലും അതിന് മുന്നോടിയായുള്ള ന്യായവില നിർണ്ണയപ്രക്രിയകൾ 2006 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. 2004-ൽ പ്രസിദ്ധീകരിച്ച ന്യായവിലയുടെ ചുവടുപിടിച്ചാണ് 2006-ൽ ന്യായവില നിർണ്ണയ നടപടികൾ |

വീണ്ടും ആരംഭിച്ചത്. അതു കൊണ്ടുതന്നെ ഒരു പരിധിവരെ 2004-ലെയും 2006-ലെയും ന്യായ വിലയാണ് 2010-ൽ നടപ്പിൽ വരു ത്തിയ ന്യായവിലയിലയിൽ പ്രതി ഫലിക്കുന്നത്. നിലവിലുള്ള മാർക്കറ്റ് വിലയുടെ 50%-ൽ കുറയാത്ത വില ന്യായവിലയായി നിർണ്ണയിക്കണം എന്ന മാനദണ്ഡ മാണ് പൊതുവെ സ്വീകരിച്ചിട്ടു ള്ളത്. 2004-നു ശേഷമുള്ള 10 വർഷം കൊണ്ട് ഭൂമിയുടെ മാർക്കറ്റ് വില ഗണ്യമായി വർദ്ധി ക്കുകയുണ്ടായി എങ്കിലും ന്യായ വിലയിൽ തദനുസരണം യാതൊ രുമാറ്റവും വരുത്തിയിട്ടില്ലാത്തതി നാൽ സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ ചോർച്ച ഉണ്ടായിട്ടുള്ളതാണ്.

കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് 2011 മുതൽ നാളിതുവരെ നൽകിയ പ്രത്യേക ഇളവുകൾ മൂലം പ്രതിവർഷം 400 കോടി രൂപയുടെ കുറവ് റവന്യൂ വരുമാനത്തിൽ ഉണ്ടായതായി സർക്കാർ കണ്ടെത്തുകയും പരിഹാര നടപടി ആവശ്യമാണ് എന്ന് സർക്കാർ തീരുമാനിക്കു കയുമായിരുന്നു.

ഈ സാഹചര്യത്തിലാണ് ഭൂമി യുടെ ന്യായവില വർദ്ധിപ്പിക്കു കയും, കുടുംബാംഗങ്ങൾക്കിടയി ലുള്ള ആധാരങ്ങളുടെ രജിസ്ട്രേ ഷൻ ഫീസിന്റെ പരമാവധി പരിധി ഒഴിവാക്കുകയും ചെയ്തിട്ടുള്ളത്.

| | | | |
|---|---|---|---|
| ഡി) | ഭൂമിയുടെ ന്യായവില സംബന്ധിച്ച് നിലവിലുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ ; | ഡി) | ഭൂമിയുടെ ന്യായവില സംബന്ധിച്ച് നിലവിലുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. നടപടികൾ തുടർന്നുവരുന്നു. 1/4/2010 മുതൽ 30/9/2014 വരെ 1,59,859/- അപ്പീലുകൾ തീർപ്പാക്കി വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ന്യായവില പുന:പരിശോധിക്കുന്നതിനായി, ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഒരവസരം കൂടി നൽകിയിട്ടുണ്ട്. ന്യായവില സംബന്ധിച്ച് നേരത്തേ സമർപ്പിച്ച അപ്പീലിലെ തീരുമാനം സ്വീകാര്യമല്ലാത്തവർക്ക് 2015 നവംബർ 13-നകം ജില്ലാ കളക്ടർക്ക് റിവ്യൂ ഹർജി നൽകാം. ജില്ലാ കളക്ടർ അതിൻമേൽ നിശ്ചിത സമയത്തിനകം തീരുമാനമെടുക്കുന്നതാണ്. |
| ഇ) | ജനങ്ങളുടെ മേൽ അധിക സാമ്പത്തിക ബാദ്ധ്യത അടിച്ചേൽപ്പിക്കുന്ന നിരക്ക് വർദ്ധന പുന:പരിശോധിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ ? | ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ